RCS/7104/2024-mt(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825
തീയതി: 19.8.2024

## സർക്കുലർ നമ്പർ 21/2024

വിഷയം: സഹകരണ വകുപ്പ് -സഹകരണ സ്ഥാപനങ്ങൾ സ്ഥലം/ കെട്ടിടം വാങ്ങുന്നത് മാർഗ്ഗ നിർദ്ദേശങ്ങൾ-സംബന്ധിച്ച്

സൂചന:
1. 4.5.2018 ലെ സഹകരണ സംഘം രജിസ്ട്രാറുടെ 26/18 നമ്പർ സർക്കുലർ
2. 29.6.2018 ലെ സഹകരണ സംഘം രജിസ്ട്രാറുടെ 36/18 നമ്പർ സർക്കുലർ
3. സർക്കാരിന്റെ 1.8.2024 ലെ പി.എസ്.2/216/2024/സഹ നമ്പർ കത്ത്

സഹകരണ സ്ഥാപനങ്ങൾ സ്ഥലം/കെട്ടിടം വാങ്ങുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.പരാമർശം (2) പ്രകാരം കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ് ആന്റ് ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നം.4466(കെയ്സ്കോ)യുടെ അപേക്ഷ പരിഗണിച്ച് കെട്ടിടത്തിന്റെ വാല്യൂവേഷൻ നിർവ്വഹിക്കുന്നതിന് പൊതുമരാമത്തിനൊപ്പം പ്രസ്തുത സംഘത്തെ കൂടി ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ബിൽഡിംഗ് കൺസൾട്ടന്റ് ആന്റ് ടെക്നോളജിക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1054, തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ.1389 എന്നി സംഘങ്ങളെയും വാല്യൂവേഷൻ ഏജന്റ് ആയി സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ പ്രസ്തുത സംഘങ്ങളെയും കൂടി ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിക്കുവാൻ പരാമർശം(3) പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. മേൽ സാഹചര്യത്തിൽ പരാമർശം (1) സർക്കുലറിലെ ഖണ്ഡിക 5 മാർഗ്ഗ നിർദ്ദേശമായ "കെട്ടിടത്തിന്റെ വാല്യൂവേഷൻ പൊതുമരാമത്ത് വകുപ്പോ, കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ് ആന്റ് ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നം.4446, തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം ആർ 1389, ബിൽഡിംഗ് കൺസൾട്ടന്റ് ആന്റ് ടെക്നോളജിക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ

റ്റി.1054(ബികോൺസ്) എന്നിവയെ കൊണ്ട് നിർവ്വഹിപ്പിക്കേണ്ടതാണെന്ന് കൂടി ചേർക്കുന്നു. മേൽ ഭേദഗതി നിർദ്ദേശങ്ങളോടെ പരാമർശം (1) സർക്കുലർ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
സുഭാഷ്.ടി.വി ഐ.എ.എസ്
**സഹകരണ സംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. സഹകരണ ആഡിറ്റ് ഡയറക്ടർ
3. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും

**(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)**

7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും

**(ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)**

8. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്
9. എല്ലാ ജില്ല സഹകരണ ബാങ്കുകളിലെയും, പ്രസിഡന്റ് ,വൈസ് പ്രസിഡന്റ്, ജനറൽ മാനേജർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്
10. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്,സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
11. വെബ് സൈറ്റ്
12. പ്രസിദ്ധീകരണത്തിന് (പബ്ലിക്ക് റിലേഷൻസ് ആഫീസർക്ക്)
13. സ്പെയർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി)